**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 343** **04.02.2013-ൽ മറുപടിക്ക്.**

## അഗ്നിശമന നിലയങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) 1962 ൽ സ്വതന്ത്രമായി രൂപീകൃതമായ ഫയർ ഫോഴ്സ് ഡിപ്പാർട്ട്മെന്റിൻ കീഴിൽ ഇപ്പോൾ എത്ര അഗ്നിശമനനിലയങ്ങളാണു ഉള്ളത്; 1962 ൽ ഡിപ്പാർട്ട്മെന്റ് രൂപീകരിക്കുന്ന സമയത്ത് എത്ര നിലയങ്ങൾ ഉണ്ടായിരുന്നു; ഈ ഡിപ്പാർട്ട്മെന്റിലെ സ്റ്റാഫ് പാറ്റേൺ എന്നാണ് നിലവിൽ വന്നത്; ഇത് പിന്നീട് പരിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വർഷങ്ങളിൽ; ഇല്ലെങ്കിൽ, എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | :(എ) ഇപ്പോൾ 102 അഗ്നിശമന നിലയങ്ങളാണ് ആകെ ഉള്ളത്. 1962-ൽ ഒൻപത് അഗ്നിശമന രക്ഷാ നിലയങ്ങൾ ഉണ്ടായിരുന്നത്. Standing Fire Advisory Committee-യുടെ റിപ്പോർട്ട് പ്രകാരമാണ് ഈ വകുപ്പിന് സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിച്ചിരിക്കുന്നത്.ആയത് നടപ്പിലാക്കിയതിന്റെ പ്രത്യേകമായിട്ടുള്ള തീയതി നിശ്ചയിച്ചിട്ടില്ല. പിന്നീട് അധികമായി ഓരോ സ്റ്റേഷനുകളിലും ഫയർ ഫൈറ്റിംഗ് റെസ്ക്യൂ വാഹനങ്ങൾ അനുവദിച്ചപ്പോൾ 1989-ൽ അഡീഷണലായി പോസ്റ്റ് ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഡിപ്പാർമെന്റിന്റെ പേര്എന്നാണ് ഫയർ & റസ്ക്യൂ സർവ്വീസസ് എന്നാക്കി മാറ്റിയത്; ഇതനുസരിച്ച് റൂളുകളിലും ചട്ടങ്ങളിലും ഈ ഭേദഗതി വരുത്തി-യിട്ടുണ്ടോ; ഇല്ലെങ്കിൽ, എന്തുകൊണ്ടാണ് എന്നു വ്യക്തമാക്കാമോ; ഈ മാറ്റം വരുത്താൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | :(ബി) 2003-ൽ ഇതനുസരിച്ച് റൂളുകളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തിയിട്ടില്ല. പക്ഷേ ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ അടിയന്തിര നടപടി സ്വീകരിച്ച് വരികയാണ്. |
| (സി) ഫയർ & റെസ്ക്യൂ സർവ്വീസ് ഡിപ്പാർട്ട്മെന്റിൽ, ഏതൊക്കെ തസ്തികകളിലായി, എത്ര വീതം ഒഴിവുകളുണ്ടെന്ന്, ഡിവിഷൻ തിരിച്ച് വ്യക്തമാക്കാമോ; ഈ ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | :(സി) ഫയർ & റെസ്ക്യൂ സർവ്വീസ് ഡിപ്പാർട്ട്മെന്റിൽ, വിവിധ തസ്തിക-കളിലായി ഉള്ള ഒഴിവുകളുടെ ഡിവിഷൻ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു ;<br><br>സ്റ്റേഷൻ ഓഫീസർ തസ്തികയിലേയ്ക്ക് നിലവിൽ പി.എസ്.സി.യിൽ നിന്നും 30 |

ഉദ്യോഗാർത്ഥികളുടെ നിയമന ശുപാർശ ലഭിച്ചിട്ടുണ്ട്. ടി ഉദ്യോഗാർത്ഥികളെ നിയമിക്കുന്ന മുറയ്ക്ക് 9 സ്റ്റേഷൻ ഓഫീസർമാരുടെ ഒഴിവും, നിലവിലുള്ള 21 സ്റ്റേഷൻ ഓഫീസർമാർക്ക് റിവേർഷൻ വരുന്നതിനാൽ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർമാരുടെ ഒഴിവും നികത്തപ്പെടുന്നതാണ്. ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സിയിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സിയിൽ നിന്ന് 239 ഉദ്യോഗാർത്ഥി കളുടെ നിയമന ശുപാർശ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടി ഉദ്യോഗാർത്ഥികൾക്ക് ട്രെയിനിംഗ് നൽകി നിയമിക്കുന്ന മുറയ്ക്ക് നിലവിലുള്ള സീനിയറായ ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർമാർക്ക്, ഡ്രൈവർ മെക്കാനിക്ക് ട്രെയിനിംഗ് നൽകി ഡ്രൈവർ മെക്കാനിക്ക് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതാണ്. ഫയർമാൻ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി. യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന നടപടികൾ പി.എസ്.സിയിൽ സ്വീകരിച്ചു വരുന്നു. എൽ.ഡിടൈപ്പിസ്റ്റ്, എൽ.ഡി. ക്ലാർക്ക്, പ്യൂൺ എന്നീ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) റസ്ക്യൂ ഓപ്പറേഷനു വേണ്ടി എന്തൊക്കെ ആധുനിക ഉപകരണങ്ങളാണ് ഈ ഡിപ്പാർട്ടുമെൻറുകൾക്ക് നൽകിയിട്ടുള്ളത്; ഇത്തരം സംവിധാനം സംസ്ഥാനത്തെ എല്ലാ ഫയർ & റസ്ക്യൂ സ്റ്റേഷനുകളിലും ലഭ്യമാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

:(ഡി) റസ്ക്യൂ ഓപ്പറേഷനുവേണ്ടി പവ്വർ അസൻഡർ റസ്ക്യൂ സിസ്റ്റം, സ്ക്കൂബ, ഹൈഡ്രോളിക്സ് റെസ്ക്യൂ റ്റൂൾസ്, എമർജൻസി ടെണ്ടർ, ബി.എ. സെറ്റ്, എയർ ലിഫ്റ്റിംഗ് ബാഗ്, ഡിങ്കി, ബോട്ട് ഫയർ പ്രോക്സിറ്റി സ്യൂട്ട്, ഫയർ എൻട്രി സ്യൂട്ട് എന്നിവനിലവിലുണ്ട്.കൂടുതൽ സാധനങ്ങൾ വാങ്ങി വിതരണം ചെയ്യുന്ന തിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഇ) പുഴകളും നദികളും ഉള്ള പ്രദേശങ്ങൾ ഉയർന്ന കെട്ടിടങ്ങൾ ഉള്ള പ്രദേശങ്ങൾ വനങ്ങളും മരങ്ങളും ഉള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിൽ അതിനനുസൃതമായ ഉപകരണങ്ങൾ റെസ്ക്യൂ ഓപ്പറേഷനായി തൊട്ടടുത്ത ഫയർ & റെസ്ക്യൂ സ്റ്റേഷനുകളിൽ നൽകാനായി നടപടി സ്വീകരിക്കുമോ;

: (ഇ) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

| | |
|---|---|
| (എഫ്) ആധുനിക കാലത്തുണ്ടാകുന്ന വെല്ലുവിളികളെ നേരിടാൻ കഴിയും വിധം, കൂടുതൽ ഫയർ& റെസ്ക്യൂ നിലയങ്ങൾ ആരംഭിക്കുന്നതിനും, ഇതിനനുസരിച്ച് സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിനും, തെരഞ്ഞെടുക്കപ്പെടുന്ന ഫയർമാൻമാർക്ക് ആധുനിക പരിശീലനം നൽകുന്നതിനുമായി കൂടുതൽ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (എഫ്) ആധുനിക കാലത്തുണ്ടാകുന്ന വെല്ലുവിളികളെ നേരിടാൻ കഴിയും വിധം, കൂടുതൽ ഫയർ& റെസ്ക്യൂ നിലയങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിലുള്ള സ്റ്റാഫ് യാർഡ് സ്റ്റിക്ക് അനുസരിച്ച് സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കുന്നതിനുള്ള കാര്യം പരിശോധിക്കാവുന്നതാണ്. കൂടാതെ തെരഞ്ഞെടുക്കുന്ന ഫയർമാൻമാർക്ക് ആധുനിക പരിശീലനം നൽകുന്നതിനായി വിയ്യൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമിയെ ശക്തിപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ഫയർ & റെസ്ക്യൂ സർവ്വീസ് ഡിപ്പാർട്ട്മെന്റിൽ, വിവിധ തസ്തികകളിലായി ഉള്ള ഒഴിവുകളുടെ ഡിവിഷൻ തിരിച്ചുള്ള വിവരം

| തസ്തിക | തിരുവനന്തപുരം ഡിവിഷൻ | കോട്ടയം ഡിവിഷൻ | എറണാകുളം ഡിവിഷൻ | പാലക്കാട് ഡിവിഷൻ | കോഴിക്കോട് ഡിവിഷൻ | ആകെ |
|---|---|---|---|---|---|---|
| സ്റ്റേഷൻ ഓഫീസർ | 1 | 3 | 1 | - | 4 | 9 |
| അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ | 5 | 2 | 5 | 8 | 2 | 22 |
| ഡ്രൈവർ മെക്കാനിക്ക് | 1 | 3 | 2 | 7 | 5 | 18 |
| ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ | 28 | 48 | 41 | 86 | 69 | 272 |
| ഫയർമാൻ | 195 | 197 | 213 | 173 | 195 | 973 |
| എൽ.ഡി.ടൈപ്പിസ്റ്റ് | 1 | - | - | 1 | 1 | 3 |
| എൽ.ഡി.ക്ലാർക്ക് | 1 | 2 | 3 | 4 | 1 | 11 |
| പ്യൂൺ | - | - | - | 1 | 1 | 2 |